Ksmart

തീയതി : 17-01-2026
നമ്പർ : 1/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു സാധാരണ യോഗം 2026 ജനുവരി മാസം 21-ാം തീയതി ബുധനാഴ്ച 11:00 AM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## <u>അജണ്ട</u>

## <u>വിഷയങ്ങൾ</u>

1. **വിഷയം (ഫയൽ നമ്പർ - 627256-2025)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യ വിഭാഗം- വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയത് - സുപ്രീം കോടതി വിധി സംബന്ധിച്ച്

**വിവരണം**

2016-2017 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യത്തിൽ വരേണ്ട വസ്തുനികുതി പരിഷ്കരണം തൃശ്ശൂർ കോർപ്പറേഷനിൽ 2022-2023, 2023-2024-സാമ്പത്തിക വർഷങ്ങളിലായി നടപ്പിൽ വരുത്തിയിരുന്നു. അതിനെതിരെ ബഹു.ഹൈക്കോടതിയിൽ നഗരസഭ പരിധിയിലെ 198 വാണിജ്യ കെട്ടിട ഉടമകൾ സമർപ്പിച്ച ഹർജികളിൻമേൽ ഉണ്ടായ ( W.P.© 12364/2024 തിയ്യതി 10.04.2025 നമ്പർ) പൊതു വിധിയിൽ വസ്തുനികുതിപരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപനം കേരള മുനിസിപ്പൽ ആക്ടിലെ 2011-ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(4)ന്റെ ലംഘനം(വസ്തുനികുതി നിരക്കുകൾ ഉൾപ്പെട്ട അന്തിമ വിജ്ഞാപനം പത്രപരസ്യം ചെയ്യുന്നത് സംബന്ധിച്ച്) ഉണ്ടായിട്ടുള്ളതായി ബഹു:ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്. ആയതിനാൽ നിയമപ്രകാരം നടപടികൾ പൂർത്തിയാക്കിയ ശേഷം, അത്തരം ആവശ്യം ഉന്നയിക്കുന്ന തിയതിക്ക് മുമ്പുള്ള മൂന്ന് വർഷം മുതൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ആവശ്യപ്പെട്ട് പുതിയ ഡിമാന്റ് നോട്ടീസുകൾ പുറപ്പെടുവിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ്.

മേൽ വിധിക്കെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ നഗരസഭ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും [WA/987/2025, dt 30.06.2025] ആയത് പരിഗണിച്ചില്ല. തുടർന്ന് നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു: സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ (SPL നമ്പർ 31667/2025) ഫയൽ ചെയ്തിരുന്നു. ആയതിൽ ഹൈക്കോടതി വിധിയോട് പൂർണ്ണമായും യോജിക്കുന്നുവെന്നും, പ്രത്യേക ഇടപെടൽ ആവശ്യമില്ല എന്നും അറിയിച്ച് അപ്പീൽ നിരസിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ബഹു: ഹൈക്കോടതി വിധി നടപ്പിൽ വരുത്തുന്നതിന് ബാധ്യതയുള്ളതിനാൽ നഗരസഭ അന്തിമ വിജ്ഞാപനം 19.12.2025 തിയ്യതിയിൽ 2 ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തി കോടതി വിധി നടപ്പിൽ വരുത്തിയിട്ടുള്ളതാണ്.

മേൽ വിഷയങ്ങൾ ബഹു: കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

കുറിപ്പ്

1. ബഹു: സുപ്രീം കോടതിയുടെ SLP No 31667/2025 തിയ്യതി 21.11.2025 ഉത്തരവ് അറിവിലേക്കായി

2. അന്തിമ വിജ്ഞാപനം മലയാളം/ഇംഗ്ലീഷ് 2 ദിനപത്രങ്ങളിൽ വിജ്ഞാപനം ചെയ്ത് ബഹു: ഹൈക്കോടതി വിധിയും വസ്തുനികുതി പരിഷ്കരണവും നടപ്പിലാക്കിയിട്ടുള്ളതു അറിവിലേക്കായി

3. ഈ വിഷയത്തിന്മേൽ നിയമോപദേശം ലഭ്യമായതിൽ നിന്നും ഇതിനോടകം കൃത്യമായി നികുതിഅടവാക്കിയിട്ടുള്ള മറ്റു നികുതിദായകർക്ക് അടവാക്കിയ തുക റീഫണ്ട് ചെയ്യുന്നത് ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് അപേക്ഷിച്ചിരുന്നു എങ്കിലും ബഹു: സുപ്രീം കോടതി ആ വിഷയത്തിലേക്ക് കടക്കാതെയാണ് SLP യിൽ വിധി പറഞ്ഞിട്ടുള്ളതെന്നും ഇക്കാര്യത്തിൽ വേണമെങ്കിൽ നിലവിലെ SLP യുടെ വിധിയിന്മേൽ ക്ലാരിഫിക്കേഷൻ പെറ്റീഷൻ നൽകണമോ അതോ 5 അംഗ ബെഞ്ച് മുമ്പാകെ പുനർപരിശോധനാ ഹർജി സമർപ്പിക്കണമോ എന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ ഹാജരായ അഭിഭാഷകനിൽ നിന്ന് നിയമോപദേശം തേടാവുന്നതാണ് എന്ന് അറിയിച്ചിട്ടുള്ളതാണ്. പരിഗണനയ്ക്കായി .

## 2. വിഷയം (ഫയൽ നമ്പർ - 416815-2026)

2026 ജനുവരി 26 റിപ്പബ്ലിക്ക് ദിനാഘോഷം കോർപ്പറേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിക്കുന്നത് സംബന്ധിച്ച്

### വിവരണം

2026 ജനുവരി 26 റിപ്പബ്ലിക്ക് ദിനാഘോഷം കോർപ്പറേഷൻ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിക്കുന്ന വിഷയം ബഹു കൌൺസിലിന്റെ പരിഗണനയക്ക്

കുറിപ്പ്

1)ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷം സമുചിതമായും കുറ്റമറ്റ രീതിയിലും സംഘടിപ്പിക്കുന്നതിന് 17/01/2026 നടന്ന സംഘാടക സമിതി തീരുമാനിച്ചിട്ടുണ്ട്

2)ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷം വിപുലമായി സംഘടിപ്പിക്കുന്നതിന് 17/01/2026 നടന്ന സംഘാടക സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രാവിലെ കോർപ്പറേഷൻ അങ്കണത്തിൽ ബഹു. മേയർ ദേശീയ പതാക ഉയർത്തുന്നതും ആയതിനോട് അനുബന്ധിച്ചുള്ള പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. റിപ്പബ്ലിക് ദിനാഘോഷത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ (റാലിയിൽ പങ്കെടുക്കുന്നവർക്കുള്ള ട്രോഫി ഒഴികെയുള്ള ക്രമീകരണങ്ങൾ ) നടത്തുന്നതിന് ആറാം സർക്കിൾ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ജയപ്രകാശ് പേർക്ക് 200000 (രണ്ട് ലക്ഷം രൂപയും ), റാലിയിൽ പങ്കെടുക്കുന്നവർക്കുള്ള ട്രോഫികൾ വാങ്ങുന്നതിന് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഷാജു പേർക്ക് 200000(രണ്ട് ലക്ഷം രൂപയും) അഡ്വാൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . കോർപ്പറേഷൻ പരിധിയിലുള്ള എല്ലാ സ്കൂളുകളിലെയും കുട്ടികളെ ഉൾപ്പെടുത്തി റാലി/ ഘോഷയാത്ര

സംഘടിപ്പിക്കുന്നതിനും , NCC, പരേഡ് Roller Skating എന്നീ വിഭാഗങ്ങളിൽ മത്സരങ്ങളിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്
3) 17/01/2026 നടന്ന സംഘാടക സമിതി യോഗത്തിന്റെ മിനിറ്റ്സ് അന്യത്ര ചേർക്കുന്നു.

**സെക്രട്ടറിയുടെ കുറിപ്പ്**

3. **വിഷയം (ഫയൽ നമ്പർ - 303199-2026)**

2026-27 വാർഷിക പദ്ധ തി തയ്യാറാക്കുന്നത് -സംബന്ധിച്ച്

**വിവരണം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - പതിനാലാം പഞ്ചവത്സര പദ്ധതി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 12/01/2026 ലെ സ.ഉ(കൈ)നം.16/2026/എൽ. എസ്. ജി. ഡി. നം ഉത്തരവ് സർക്കാർ പുറപ്പെടുവിപ്പിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം സർക്കാർ നിശ്ചയിച്ച കലണ്ടറിന് അനുസൃതമായി തൃശൂർ കോർപ്പറേഷന്റെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായ പ്രവർത്തനങ്ങളുടെ തിയ്യതി നിശ്ചയിക്കൽ, തുടർ പ്രവർത്തനങ്ങൾ എന്നിവ തീരുമാനിക്കുന്ന വിഷയം കൌൺസിൽ പരിഗണനയ്ക്കായി.

**സെക്രട്ടറിയുടെ കുറിപ്പ്**

4. **വിഷയം (ഫയൽ നമ്പർ - 5782071-2025)**

ബഹു.തൃശ്ശൂർ MLA ശ്രീ. പി ബാലചന്ദ്രനന്റെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് - തൃശ്ശൂർ ജനറൽ ആശുപത്രിയിലേക്ക് ഡയാലിസിസ് മെഷീൻ വാങ്ങുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു.തൃശ്ശൂർ MLA ശ്രീ. പി ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി തൃശ്ശൂർ ജനറൽ ആശുപത്രിയിലേക്ക് അഞ്ച് ഡയലാസിസ് മെഷീൻ വാങ്ങുന്നതിന് ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നിർദ്ദേശം സമർപ്പിക്കപ്പെട്ടതായി LSGD തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29.07.2025 തീയ്യതിയിലെ LSGD/JD/TSR/5300/2025 - F5 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കോർപ്പറേഷൻ അധീനതയിലുള്ള സ്ഥാപനത്തിൽ നിർവ്വഹണം നടത്തുന്ന മേൽ പദ്ധതിക്ക് നിരാക്ഷേപ പത്രം അനുവദിക്കുന്ന വിഷയം ബഹു.കൗൺസിൽ അംഗീകാരത്തിനായി.

5. **വിഷയം (ഫയൽ നമ്പർ - 6458154-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ബഹു.തൃശ്ശൂർ എം.എൽ.എ ശ്രീ.പി.ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന പ്രവർത്തിക്കു അനുമതി നല്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു.തൃശ്ശൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.പി.ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തൃശ്ശൂർ ജനറൽ ആശുപത്രിയിലേയ്ക്ക് അഞ്ചു ഡയാലിസ് മെഷീനുകൾ വാങ്ങുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തുവാനും, പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി തൃശ്ശൂർ ജനറൽ ആശുപത്രി സൂപ്രണ്ടിനെ നിർദ്ദേശിച്ചുകൊണ്ടുമുള്ള ബഹു.എം.എൽ.എ യുടെ കുറിപ്പ് സഹിതം LSGD തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്തും സ്ഥാപനത്തിലും നടത്തുന്ന പ്രവൃത്തിയായതിനാൽ ആയതിന് ഭരണാനുമതി നല്കുന്നതിലേയ്ക്ക് കൌൺസിൽ തീരുമാനവും ആസ്തി രെജിസ്റ്ററിന്റെ പകർപ്പും സമർപ്പിക്കുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള തീരുമാനം നല്കുന്ന വിഷയം ബഹു.കൌൺസിൽ പരിഗണനയ്ക്കായി

കുറിപ്പ്:-

1) ബഹു.എം.എൽ.എ യുടെ കുറിപ്പ് സഹിതമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കത്തിന്റെ കോർപ്പറേഷൻ സെക്രട്ടറിക്കുള്ള പകർപ്പിലാണ് തീരുമാനം ആവശ്യപ്പെട്ടിട്ടുള്ളത്.

**6. വിഷയം (ഫയൽ നമ്പർ - 5782520-2025)**

MLA SDF - തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

വിവരണം

ബഹു.തൃശ്ശൂർ MLA ശ്രീ. പി ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി അറിയിച്ചുകൊണ്ട് കോർപ്പറേഷൻ കൗൺസിൽ തീരുമാനവും ആസ്തി രെജിസ്റ്റർ പകർപ്പും ലഭ്യമാക്കുന്നതിനു LSGD തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടർ 29.07.2025 തീയ്യതിയിലെ LSGD/JD/TSR/5301/2025 - F5 നമ്പർ കത്തു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്ന വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

1) കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനമായതിനാലാണ് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കേണ്ടി വന്നത്

2) നിർമ്മിക്കപ്പെടുന്ന ആസ്തിയുടെ പരിപാലനം, ആവർത്തന ചെലവുകൾ എന്നിവ കോർപ്പറേഷനാണ് വഹിക്കേണ്ടത്

**7. വിഷയം (ഫയൽ നമ്പർ - 2545591-2024)**

തൃശ്ശൂർ നിയോജക മണ്ഡലം M L A ബഹു ശ്രീ ബാലചന്ദ്രൻ അവർകളുടെ 2023-24 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ജില്ലാ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്

വിവരണം

ബഹു തൃശ്ശൂർ എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ നിയോജക മണ്ഡലം 2024-2025 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ശുപാർശ ചെയ്ത " തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ എന്നവരിൽ നിന്നും NO: LSGD /JD/TSR/5301/2025-F5 DATE:29.07.2025 പ്രകാരം കത്ത് ലഭിച്ചിട്ടുള്ളതാണ്. തൃശ്ശൂർ പി ഡബ്ല്യു ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംങ്ങ്സ്)

നിർവഹണ ഏജൻസിയായ ടി പ്രവൃത്തിക്ക് അനുമതി നൽകുന്നതിനായി കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

8. **വിഷയം (ഫയൽ നമ്പർ - 6458152-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ബഹു.തൃശ്ശൂർ എം.എൽ.എ ശ്രീ.പി.ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന പ്രവർത്തിക്കു ഭരണാനുമതി നല്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു.തൃശ്ശൂർ നിയോജക മണ്ഡലം എം.എൽ.എ ശ്രീ.പി.ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തുവാനും, പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഏജൻസിയായി തൃശ്ശൂർ പി ഡബ്ല്യു ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറെ (ബിൽഡിങ്സ്) നിർദ്ദേശിച്ചുകൊണ്ടുമുള്ള ബഹു.എം.എൽ.എ യുടെ കുറിപ്പ് സഹിതമുള്ള ജോയിന്റ് ഡയറക്ടറുടെ കത്തിൽ തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്തും സ്ഥാപനങ്ങളിലും നടത്തുന്ന പ്രവർത്തിയായതിനാൽ ടി പ്രവർത്തിക്ക് ഭരണാനുമതി നല്കുന്നതിലേയ്ക്ക് കൗൺസിൽ തീരുമാനം സമർപ്പിക്കുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള തീരുമാനം നല്കുന്ന വിഷയം ബഹു.കൗൺസിൽ പരിഗണനയ്ക്കായി

കുറിപ്പ്:-

1) ബഹു.എം.എൽ.എ യുടെ കുറിപ്പ് സഹിതമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കത്തിന്റെ കോർപ്പറേഷൻ സെക്രട്ടറിക്കുള്ള പകർപ്പിലാണ് തീരുമാനം ആവശ്യപ്പെട്ടിട്ടുള്ളത്.

9. **വിഷയം (ഫയൽ നമ്പർ - 2704598-2024)**

നിയോജക മണ്ഡല ആസ്തി വികസന പദ്ധതി തൃശ്ശൂർ നിയോജക മണ്ഡലം- ബഹു എം എൽ എ ശ്രീ ബാലചന്ദ്രൻ അവർകൾ ശുപാർശ ചെയ്ത " തൃശൂർ ജനറൽ ആശുപത്രിയിലേക്ക് 5 ഡയാലിസിസ് മെഷീനുകൾ വാങ്ങൽ " എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു തൃശ്ശൂർ എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ 2024-2025 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കുന്നതിന് ശുപാർശ ചെയ്ത " തൃശ്ശൂർ ജനറൽ ആശുപത്രിയിലേക്ക് 5 ഡയാലിസിസ് മെഷിനുകൾ വാങ്ങൽ " എന്ന പ്രവൃത്തിക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ LSGD /JD/TSR/5301/2025-F5 DATE:29.07.2025 നമ്പർ കത്ത് നൽകിയിട്ടുള്ളതാണ്. തൃശ്ശൂർ ജനറൽ ആശുപത്രി സൂപ്രണ്ട് നിർവ്വഹണ ഏജൻസിയായ ടി പ്രവൃത്തി ജനറൽ ആശുപത്രിയിൽ നടപ്പാക്കുന്നതിന് അനുമതി നൽകുന്നതിനായി ബഹു. കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

10. **വിഷയം (ഫയൽ നമ്പർ - 3693003-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - 2024-25, 2025-26 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ തൃപ്തികരമായ

പൂർത്തീകരണത്തിനു വേണ്ടി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും ടെണ്ടർ അംഗീകരിക്കുന്നതും സംബന്ധിച്ച്

വിവരണം

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ 2024-25, 2025-26 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനു വേണ്ടി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും ടെണ്ടർ അംഗീകാരത്തിനുമുള്ള താഴെ പറയുന്ന പട്ടിക ബഹു.കൌൺസിൽ അംഗീകാരത്തിനായി

| Sl.No. | File No.& Date | Project no. | Division | Project name | AS | Q amount | Name of Contractor | RE/ മുൻകൂർ/ TENDER/RE TENDER/TENDER EXCESS /QUTATION / ESTIMATE |
|---|---|---|---|---|---|---|---|---|
| | എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായി | | | | | | | |
| 1 | PW3-3943314/25 | 1610/26 | 36 | തൃശ്ശൂർ കോർപ്പറേഷൻ ഗവ. മോഡൽ ഗേൾസ് ഹൈ സ്കൂൾ ഇലക്ട്രിക്കൽ വർക്കുകൾ | 3,00,000/- | 2,24,166/- | J R Associates electrical engineers and contractors | ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ചെയ്തു തുടങ്ങിയപ്പോൾ ഈസ്റ്റ് സോണൽ AE യുടെ നിർദ്ദേശമനുസരിച്ച് സ്കൂ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഒഴിവാക്കിക്കൊണ്ട് 2 KVA യുടെ ഒരു UPS നല്കേണ്ടി വരുന്നതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് വയറുകളുടെ നീളത്തിൽ വ്യത്യാസം വരുന്നുവെന്നും കൂടാതെ UPS ചേർക്കേണ്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വരുമെന്നുമുള്ള ഇലക്ട്രിക്കൽ ടെക്നിക്കൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ൾ . കോമ്പൗണ്ടിനകത്തുള്ള മ്യൂസിക്കൽ കോളേജിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ കൂടി ഇലക്ട്രിക് വർക്ക് ചെയ്യേണ്ടതായി വരികയും കൂടാതെ സ്കൂൾ HM പറഞ്ഞതനുസരിച്ച് water heater with purifier, portable air cooler, Napkin pad disposal machine എന്നിവ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | കമ്മിറ്റിയുടെ റിപ്പോർട്ട് കൌൺസിൽ തീരുമാനത്തിനായ് സമർപ്പിക്കുന്നു |
| ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് Tender Opening Date - 10/12/2025 | | | | | | | | |
| 2 | PW3-6211391/2025 | 2123/26 | 34 | കുരിയച്ചിറ OWC പ്ലാന്റിൽ ETP സ്ഥാപിക്കൽ | 30,00,000/- | 1) 26,75,000/- - L1<br>2) 29,00,000/- L2<br>3)1,19,00,000/- - L3 | 1) GREEN METHOD ENGINEERING PVT.LTD<br>2) HUBERT ENVIRO CARE SYSTEMS LTD<br>3) KAKOLI – TRADE AGENCIES | L1<br>ഏറ്റവും കുറഞ്ഞ ടെണ്ടർ നിരക്കുമായി കരാറിലേർപ്പെടുന്ന ആൾക്ക് നെഗോഷ്യേറ്റ് ചെയ്ത് അനുമതി നല്കുന്നതിനുള്ള |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | കൌൺസിൽ തീരുമാനത്തിനായ് സമർപ്പിക്കുന്നു. |

11. **വിഷയം (ഫയൽ നമ്പർ - 79140-2026)**

IASE ,തൃശൂർ കോളേജിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ 2025-26 അധ്യയന വർഷത്തെ തുടർ പഠനവും ,പരീക്ഷകളും നടത്തുന്നതിന് ഗവ.ഹയർസെക്കൻഡറി സ്കൂൾ ഫോർ ബോയ്സ് സ്കൂളിലെ പഴയകെട്ടിടത്തിലെ 4 ക്ലാസ്സ് മുറികൾ താൽക്കാലികമായി അനുവദിക്കുന്നത് സംബന്ധിച്ച്

**വിവരണം**

IASE ,തൃശൂർ കോളേജിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ 2025-26 അധ്യയന വർഷത്തെ തുടർ പഠനവും ,പരീക്ഷകളും നടത്തുന്നതിന് ഗവ.ഹയർസെക്കൻഡറി സ്കൂൾ ഫോർ ബോയ്സ് സ്കൂളിലെ പഴയകെട്ടിടത്തിലെ 4 ക്ലാസ്സ് മുറികൾ താൽക്കാലികമായി അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്രിൻസിപ്പാൾ, IASE, തൃശൂർ എന്നവർ സമർപ്പിച്ചിട്ടുള്ള അപേക്ഷ ബഹു. കൌൺസിൽ മുമ്പാകെ ,
**കുറിപ്പ്:**ഹയർസെക്കൻഡറി പൊതു പരീക്ഷകൾക്കും ,പൊതു വിദ്യാഭ്യാസ വകുപ്പ് നിർദേശിക്കുന്ന മറ്റു അടിയന്തിര ആവശ്യങ്ങൾക്കും തടസ്സമാകാത്ത രീതിയിൽ 31/03/2026 വരെ ഹയർസെക്കൻഡറി വിഭാഗത്തിലെ പഴയ കെട്ടിടത്തിലുള്ള 4 ക്ലാസ്സ് റൂമുകൾ തൃശൂർ കോർപ്പറേഷന്റ അനുമതി ലഭിക്കുന്ന മുറക്ക് വ്യവസ്ഥകൾക്ക് അനുസൃതമായി താൽക്കാലികമായി നൽകുന്നതിന് തടസ്സമില്ല എന്ന വിവരം പ്രിൻസിപ്പാൾ, ഗവ. ഹയർസെക്കൻഡറി സ്കൂൾ ഫോർ ബോയ്സ് , തൃശൂർ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

12. **വിഷയം (ഫയൽ നമ്പർ - 81213-2025)**

2025-26 വാർഷിക പദ്ധതി - മെൻസ്ട്രുവൽ കപ്പ് വിതരണം - ഗുണഭോക്തൃ പട്ടികയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

**വിവരണം**

തൃശ്ശൂർ കോർപ്പറേഷന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി സി. എച്ച്. സി. സൂപ്രണ്ട്, ഒല്ലൂർ നൽകിയ അപേക്ഷ ബഹു. കൌൺസിൽ മുമ്പാകെ പരിഗണനക്കായി
കുറിപ്പ്: ഗുണഭോക്തൃ ലിസ്റ്റ് അന്യത്ര ചേർക്കുന്നു.

13. **വിഷയം (ഫയൽ നമ്പർ - 5345125-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 04- വൈറ്റ് ഫീൽഡ് അംഗനവാടി കെട്ടിടത്തിന് തറക്കല്ലിടൽ ചടങ്ങ് - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരണം സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 04 ൽ വൈറ്റ് ഫീൽഡ് അംഗനവാടി കെട്ടിടത്തിന് തറക്കില്ലടൽ ചടങ്ങ് ഉദ്ഘാടനം 26-10-2025 ന് ബഹു.മേയർ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി. സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹു മേയർ അനുമതിനൽകിയിട്ടുള്ളതാണ്. അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളതു പ്രകാരം 25000/- രൂപ മുൻകൂറായി അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് എന്നവർക്ക് അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

14. **വിഷയം (ഫയൽ നമ്പർ - 2618315-2024)**

ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ബഹു തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ 2022-23 ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ 12 സ്ഥലങ്ങളിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കേണ്ടതുള്ളതിനാൽ PW5/42786/23 നമ്പർ ഫയലിൽ ലഭിച്ച ബഹു മേയറുടെ മുൻകൂർ അനുമതി പ്രകാരം ജെ ഡി/എൽ എസ് ജി ഡി/ടി എസ് ആർ/13922/2023-F5 Dt-07.12.2023 നമ്പർ ഭരണാനുമതി ലഭിച്ചിരുന്നു. തൃശ്ശൂർ കോർപ്പറേഷനിലെ 12 ജംഗ്ഷനുകളിൽ ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി (പ്രോജക്റ്റ് നമ്പർ- 19789) മേൽ നിർദ്ദേശിക്കപ്പെട്ടവയിൽ 2 സ്ഥലങ്ങളിൽ കോർപ്പറേഷൻ വക ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ ഭരണാനുമതിയിൽ നിന്നും വ്യത്യസ്തമായി ടി സ്ഥലങ്ങൾ മാറ്റി പുതിയ 2 സ്ഥലങ്ങളിൽ (ജെ പി നഗർ ജംഗ്ഷൻ,കാഞ്ഞാണി ചുങ്കം സെന്റർ എന്നത് മാറ്റി നടത്തറ ജംഗ്ഷൻ, തോപ്പിന്മൂല ജംഗ്ഷൻ) ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് , ബഹു മേയറുടെ മുൻകൂർ അനുമതി ലഭ്യമാക്കി ഭരണാനുമതി ഭേദഗതി ചെയ്ത് നൽകുന്നതിന് കത്തു നൽകുകയും 25.06.2025 തിയ്യതി LSGD/JD/TSR/13922/2023-F5 നമ്പർ പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്തു ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ബഹു മേയർ രണ്ടു അവസരങ്ങളിലും നൽകിയ മുൻകൂർ അനുമതികൾ സാധൂകരിക്കുന്നതിനായി ബഹു കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

15. **വിഷയം (ഫയൽ നമ്പർ - 4049762-2025)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - വിയ്യൂർ പുഴയ്ക്കൽ തോട് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി - ഫണ്ട് സംബന്ധിച്ച്

**വിവരണം**

NABARD RIDF-XXV - Improvement to Viyyur Puzhakkalthodu and ancilliary structures between MLA road to Puzhakkal bridge - construction of regulator-Installation of shutters upgrade manually operated hoisting unit to motorising type Mechanical works

വിയ്യൂർ - പുഴക്കൽ ഭതാട് റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തിയിൽ മാനുവൽ ഓപ്പറേറ്റഡ് റെഗുലേറ്റർ ഷട്ടറുകളുടെ മോട്ടോറൈസേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ കെ.എൽ.ഡി.സി. യുമായി MOU ൽ ഏർപ്പെടുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ ഡിവിഷൻ മലമ്പുഴ 15,20,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും, പ്രസ്തുത തുക മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്യുകയും ഉണ്ടായി. മേൽ തുക നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV യിൽ നിന്നാണ് വകയിരുത്തിയിട്ടുണ്ടായിരുന്നത്. എന്നാൽ മെക്കാനിക്കൽ ഷട്ടർ നിർമ്മാണ പ്രവർത്തി ടെൻഡർ ചെയ്തപ്പോൾ അനുവദിച്ച തുകയായ 15,20,000/- രൂപയിൽ നിന്ന് അധികമായി 78,125/- രൂപ കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നു.
നിലവിൽ പ്രവൃത്തി ഉൾപ്പെട്ടിരുന്ന നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ച് XXV അവസാനിച്ചിരിക്കുന്നതിനാൽ, പ്രസ്തുത അധിക തുക കണ്ടെത്തി നൽകുവാൻ സാധിക്കുകയില്ല. എന്നും കൂടാതെ, കെ.എൽ.ഡി.സി.യിൽ തനത് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ അധിക ചെലവ് വഹിക്കാൻ ആവുകയില്ല എന്നും Project Manager, KLDC അറിയിച്ചിട്ടുണ്ട് . മേൽ സാഹചര്യത്തിൽ ടി പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി അധിക തുകയായ 78,125/- രൂപ കോർപ്പറേഷൻ ഡിവിഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതാണെന്ന് അഞ്ചാം ഡിവിഷൻ പെരിങ്ങാവ് വാർഡ് മുൻ കൗൺസിലർ ശ്രീ.ഗോപകുമാർ അറിയിച്ചിരുന്നു. മേൽ ഫണ്ട് ലഭ്യമാക്കികൊണ്ട് മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ട് എൻജിനീയറുടെ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള തുടർ നടപടികൾക്കും കൂടാതെ, മേൽ പ്രവൃത്തി പൂർത്തികരിച്ചതിനുശേഷം മോട്ടോർ പ്രവർത്തിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി കൂടി കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും Project Manager, KLDC അപേക്ഷിച്ചിട്ടുണ്ട് . ആയതിനു മുൻ കൗൺസിലർ ശുപാർശക്കത്തും നൽകിയിരുന്നതാണ്. മേൽ വിഷയം ബഹു. കൗൺസിൽ പരിഗണനക്കായി

16. **വിഷയം (ഫയൽ നമ്പർ - 5781528-2025)**

തൃശ്ശൂർ കോർപ്പറേഷൻ - MLA SDF 2024-25 - തൃശ്ശൂർ ഗവ.മോഡൽ നഴ്സറി സ്കൂൾ ഒന്നാം ഘട്ട കെട്ടിട നിർമ്മാണം -സംബന്ധിച്ച്

**വിവരണം**

ബഹു.തൃശ്ശൂർ MLA ശ്രീ. പി ബാലചന്ദ്രൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ഉപയോഗപ്പെടുത്തി പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തൃശ്ശൂർ ഗവ.മോഡൽ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് നിരാക്ഷേപ പത്രം അനുവദിക്കുന്ന വിഷയം ബഹു.കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു .
കുറിപ്പ് -
1) കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനമായതിനാലാണ് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കേണ്ടി വന്നത്
2) നിർമ്മിക്കപ്പെടുന്ന ആസ്തിയുടെ പരിപാലനം, ആവർത്തന ചെലവുകൾ എന്നിവ കോർപ്പറേഷനാണ് വഹിക്കേണ്ടത്

17. **വിഷയം (ഫയൽ നമ്പർ - 1045187-2024)**

തൃശൂർ കോർപറേഷൻ- പൊതുഭരണ വിഭാഗം- തൃശൂർ കോർപറേഷനിലേക്ക് ആവശ്യമായ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്ന കേരള സ്റ്റേറ്റ് എക്സ് സർവീസ് മെൻ ഡവലപ്പ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ കോർപറേഷൻ (KEXCON) എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാർ പുതുക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശൂർ കോർപറേഷനിലേക്ക് ആവശ്യമായ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്ന കേരള സ്റ്റേറ്റ് എക്സ് സർവീസ് മെൻ ഡവലപ്പ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ കോർപറേഷൻ (KEXCON) എന്ന സ്ഥാപനവുമായി ഏർപ്പെട്ട കരാർ 2025 ഡിസംബർ 31 നു അവസാനിച്ച സാഹചര്യത്തിൽ 01.01.2026 മുതൽ പ്രസ്തുത സ്ഥാപനവുമായി കരാർ മുതൽ പുതുക്കുന്ന വിഷയം ബഹു.കൌൺസിൽ പരിഗണനക്ക്

കുറിപ്പ്- 1)ബഹു.കേരള സർക്കാരിന്റെ 04.06.2005 ലെ സ.ഉ.(എം.എസ്)നം.179/2005/ പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരവും 01.10.2012 ലെ 71307/2012 പൊ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും രാജ്യസേവനം കഴിഞ്ഞു വരുന്ന വിമുക്തഭടന്മാരുടെ പുനരധിവാസം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന KEXCON എന്ന സ്ഥാപനത്തിൽ നിന്ന് മാത്രമേ വിവിധ സർക്കാർ, സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ സെക്യൂരിറ്റി ജോലികൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവൂ എന്ന് അനുശാസിച്ചിട്ടുണ്ട്.

2)നിലവിൽ 81 പേർ സെക്യൂരിറ്റി ജീവനക്കാരായി Kexcon മുഖേന ജോലി ചെയ്തു വരുന്നു.

18. **വിഷയം (ഫയൽ നമ്പർ - 4579669-2025)**

വിൽവട്ടം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ.ജയപാൽ.ഐ.വി എന്നവരെ അന്വേഷണ വിധേയമായി 10.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി കൌൺസിൽ അംഗീകാരത്തിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.

**വിവരണം**

വിൽവട്ടം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ.ജയപാൽ.ഐ.വി എന്നവരെ അന്വേഷണ വിധേയമായി 10.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി കൌൺസിൽ അംഗീകാരത്തിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.

കുറിപ്പ്-1)തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ വിൽവട്ടം സോണൽ ഓഫീസിലെ പ്രൊഫഷണൽ ടാക്സ്, കെഎസ്ഇബി/വാട്ടർ അതോറിറ്റി ബിൽ, ഹാൾ ബുക്കിംഗ്, അഗതിമന്ദിരത്തിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള തുക അടവാക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്ന ക്ലർക്ക് ആയ ശ്രീ.ജയപാൽ.ഐ.വി പ്രസ്തുത ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നതായും അഗതിമന്ദിരത്തിലേക്ക് ഭക്ഷണത്തിന് തുക അടവാക്കാൻ വരുന്നവരിൽ നിന്നും പണം ക്യാഷ് കൌണ്ടറിൽ അടച്ച് രശീത് നൽകാതെ നേരിട്ട് കൈപ്പറ്റുന്നതായും പിന്നീട് പരാതിപ്പെടും എന്ന ഘട്ടം ആകുമ്പോൾ തുക അടവാക്കി രശീത് നൽകുന്ന പ്രവണത ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണെന്നുള്ള സൂചന (1) റിപ്പോർട്ടിന്റേയും 12.09.2025 ന് തുക കൈപ്പറ്റിയിട്ടും പിന്നീട് ടി വ്യക്തികൾ നേരിൽ വന്നപ്പോഴാണ് ടിയാൻ തുക അടവാക്കിയ രശീത് നൽകിയതെന്നുമുള്ള സൂചന (2) പരാതിയുടേയും അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകിയിട്ടുള്ളതാണ്. ആയതിന് ടിയാൻ സൂചന (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ തെറ്റുകൾ ഇനി ആവർത്തിക്കില്ല എന്നും ശിക്ഷാനടപടികളിൽ നിന്നും ഒഴിവാക്കി

തരുന്നതിനും അപേക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ 10.11.2025 തീയ്യതിയിൽ സ്നേഹവീട്ടിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിനായി 31.10.2025 തീയ്യതിയിൽ 4000/- രൂപ ശ്രീ.ജയപാൽ.ഐ.വി ക്ലർക്കിന്റെ പക്കൽ ഏൽപ്പിച്ചിരുന്നുവെന്നും രശീത് വാട്സാപ്പിൽ അയച്ചു നൽകാമെന്ന് അറിയിച്ചിരുന്നുവെന്നും എന്നാൽ രശീത് അയച്ചു നൽകിയിട്ടില്ലെന്നും സൂചന (5) പ്രകാരം പരാതി സമർപ്പിച്ചിട്ടുള്ളതാണ്.
2)നഗരസഭയുടെ യശസ്സിന് കളങ്കം ബാധിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ അഭിലഷണീയമല്ല. ശ്രീ.ജയപാൽ.ഐ.വി.ക്ലർക്ക് ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ടിയാന് പല തവണ വാക്കാൽ താക്കീത് നൽകിയിട്ടും വീഴ്ച ആവർത്തിക്കുന്നതായി കാണുന്നു.ആയത് അഴിമതിയും നിലവിലുള്ള ഓഫീസ് നടപടി ക്രമങ്ങളുടെ കടുത്ത ലംഘനവും സർവ്വീസിൽ തുടരുവാൻ അനുവദിക്കുന്നത് പൊതു താത്പര്യത്തിന് വിരുദ്ധവും ആണ്. ആകയാൽ കേരള മുൻസിപ്പാലിറ്റി ആക്ടിലെ ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണങ്ങൾ ചട്ടം (8) പ്രകാരം ടിയാനെ 10.11.2025 പൂർവ്വാഹ്നം മുതൽ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി. സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്.
3)ശ്രീ.ജയപാൽ.ഐ.വി എന്നവരെ അന്വേഷണ വിധേയമായി 10.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സ്ഥാനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി ബഹു.കൌൺസിൽ അംഗീകാരത്തിനും സാധൂകരണത്തിനുമായി സമർപ്പിച്ചിരുന്നുവെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിലവിലെ കൌൺസിലർമാർ വ്യാപൃതരായിരിക്കുന്നതിനാലും നിലവിലെ കൌൺസിലിലെ ഏകദേശം 20 തിൽ പരം കൌൺസിലർമാർ സ്ഥാനാർത്ഥികൾ ആയതിനാലുള്ള തിരക്ക് കാരണവും ഇനി കൌൺസിൽ യോഗം ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ പുതിയ കൌൺസിൽ നിലവിൽ വരുമ്പോൾ അജണ്ട സമർപ്പിക്കുക എന്ന് ബഹു.മേയർ മേൽ കൌൺസിൽ അജണ്ടക്കായുള്ള മറുപടിയായി നൽകിയിട്ടുണ്ട്.

## 19. വിഷയം (ഫയൽ നമ്പർ - 6151931-2025)

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിലെ റവന്യൂ വിഭാഗം കാഷ്യർ ആയിരുന്ന ശ്രീ.സൈജു.പി.സി എന്നവരെ 28.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത നടപടി കൌൺസിൽ അംഗീകാരത്തിനും സാധൂകരണത്തിനും സമർപ്പിക്കുന്നത് സംബന്ധിച്ച്

### വിവരണം

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനിലെ റവന്യൂ വിഭാഗം കാഷ്യർ ആയിരുന്ന ശ്രീ.സൈജു.പി.സി എന്നവർ ക്യാഷ് കൌണ്ടറിലെ ചുമതലകൾ നിർവ്വഹിക്കാതിരിക്കുന്നതായും നികുതിദായകരുടെ പക്കൽ നിന്നും പിന്നീട് അടവാക്കി നൽകാമെന്ന് പറഞ്ഞ് പണം കൈപ്പറ്റുന്നതായും ഉള്ള റവന്യൂ വിഭാഗം സൂപ്രണ്ടിന്റെ സൂചന (1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക എന്നിവ നൽകിയിട്ടുള്ളതാണ്. എന്നാൽ ടി കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രികക്ക് ശ്രീ.സൈജു.പി.സി മറുപടി സമർപ്പിച്ചിട്ടില്ലാത്തതാണ്. കൂടാതെ അനധികൃത ഹാജരില്ലായ്മയിലും തുടർന്നു വരുന്നു. നഗരസഭയിൽ ക്യാഷ് കൈകാര്യം ചെയ്യുന്ന പ്രവർത്തി വളരെ കാര്യക്ഷമമായും സൂക്ഷ്മതയോടും കൂടി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ടിയാൻ മിക്കദിവസങ്ങളിലും നാളെ അടച്ചുതരാമെന്നു പറഞ്ഞുകൊണ്ട് ജനങ്ങളിൽ നിന്നും മുൻകൂർ ആയി തുക വാങ്ങി വയ്ക്കുക, cheque കൾ അലക്ഷ്യമായി കൈകാര്യം ചെയ്യുക, വൈകുന്നേരം cash close ചെയ്യുമ്പോൾ കണക്കുകൾ പൊരുത്തപ്പെടാതെ വരുമ്പോൾ ജീവനക്കാരിൽ നിന്നും കടം വാങ്ങുക, ലഭിച്ച CASH/CHEQUE ഇവ രജിസ്റ്ററിൽ രേഖപ്പെടുത്താതെ നൽകുക തുടങ്ങിയ മോശം

പ്രവണതകൾ തുടർച്ചയായി ആവർത്തിക്കുകയാണ്. പല പ്രാവശ്യം നേരിട്ടും രേഖാമൂലവും മുന്നറിയിപ്പ് നൽകിയിട്ടും ആയത് ആവർത്തിക്കുന്നതായി കാണുന്നു.നഗരസഭയുടെ യശസിന് കളങ്കം ബാധിക്കുന്ന തരത്തിലുള്ള ഇത്തരം പ്രാവർത്തനങ്ങൾ അഭിലഷണീയമല്ല. ശ്രീ.സൈജു.പി.സി ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ടിയാന് പല തവണ വാക്കാൽ താക്കീത് നൽകിയിട്ടും വീഴ്ച ആവർത്തിക്കുന്നതായി കാണുന്നു.ആയത് അഴിമതിയും നിലവിലുള്ള ഓഫീസ് നടപടി ക്രമങ്ങളുടെ കടുത്ത ലംഘനവും സർവ്വീസിൽ തുടരുവാൻ അനുവദിക്കുന്നത് പൊതു താത്പര്യത്തിന് വുരുദ്ധവും ആണ്. ആകയാൽ കേരള മുൻസിപ്പാലിറ്റി ആക്ടിലെ ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണങ്ങൾ ചട്ടം (8) പ്രകാരം ശ്രീ.സൈജു.പി.സി എന്നവരെ 28.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. മേൽ നടപടി കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

കുറിപ്പ്- ശ്രീ.സൈജു.പി.സി, ക്ലർക്ക് എന്നവരെ 28.11.2025 പൂർവ്വാഹ്നം മുതൽ ബഹു.മേയർ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത നടപടി ബഹു.കൗൺസിൽ അംഗീകാരത്തിനും സാധൂകരണത്തിനുമായി സമർപ്പിച്ചതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിലവിലെ കൗൺസിലർമാർ വ്യാപൃതരായിരിക്കുന്നതിനാലും നിലവിലെ കൗൺസിലിലെ ഏകദേശം 20 തിൽ പരം കൗൺസിലർമാർ സ്ഥാനാർത്ഥികൾ ആയതിനാലുള്ള തിരക്ക് കാരണവും ഇനി കൗൺസിൽ യോഗം ചേരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ആയതിനാൽ പുതിയ കൗൺസിൽ നിലവിൽ വരുമ്പോൾ അജണ്ട സമർപ്പിക്കുക എന്ന് ബഹു.മേയർ മറുപടിയായി നൽകിയിട്ടുള്ളതാണ്.

20. **വിഷയം (ഫയൽ നമ്പർ - 5493454-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ -നാലാം ഡിവിഷൻ - രണ്ടാം നമ്പർ അംഗനവാടിയുടെ നിർമ്മാണോദ്ഘാടനം- ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നാലാം ഡിവിഷൻ വിയ്യൂരിലുള്ള രണ്ടാം നമ്പർ അംഗനവാടിയുടെ നിർമ്മാണോദ്ഘാടനം 29-10-2025 ന് ബഹു.മേയർ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് മുൻകൂർ അനുവദിക്കണമെന്നു ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് ബഹു മേയർ അനുമതി നല്കുകയും അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് 25,000/- രൂപ അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളതു പ്രകാരം 25,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൗൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

21. **വിഷയം (ഫയൽ നമ്പർ - 5267447-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - ഡിവിഷൻ 36 - ജയ്ഹിന്ദ് മാർക്കറ്റിലെ പൊതു ടോയ് ലറ്റിന്റെ ഡോറുകൾ അടിയന്തിരമായി മെയിന്റനൻസ് ചെയ്തതിനു തുക അനുവദിച്ചത് - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**വിവരണം**

ഗാർബേജ് ഫ്രീ സിറ്റി ഫൈവ് സ്റ്റാർ റേറ്റിംഗ് നേടിയെടുക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷന്റെ അധീനതയിലുള്ള ജയ്ഹിന്ദ് മാർക്കറ്റിലെ പൊതു ടോയ്‌ലറ്റിന്റെ ഡോറുകൾ അടിയന്തരമായി മെയിന്റനൻസ് ചെയ്യുന്നതിന് ബഹു മേയർ നിർദ്ദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോറുകൾ റിപ്പയർ ചെയ്ത വകയിൽ ശ്രീ.ജിനീഷ് ചാലിശ്ശേരി, വെളുത്തുകാരൻ ഹൗസ് എന്നവർക്ക് 4252/- രൂപ ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ബഹു.മേയറുടെ മേൽനടപടി സാധൂകരിക്കുന്നതിനായി ബഹു.കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു

22. വിഷയം (ഫയൽ നമ്പർ - 5560625-2025)

വിൽവട്ടം LRK ആശുപത്രിയുടെ ഉദ്ഘാടനം - ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് - സംബന്ധിച്ച്

വിവരണം

തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം LRK ആശുപത്രിയുടെ ഉദ്ഘാടനം 03-11-2025 ന് ബഹു. എം എൽ എ ശ്രീ. പി ബാലചന്ദ്രൻ നിർവ്വഹിക്കുന്നതിന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി വിൽവട്ടം സോണൽ അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസിന് അഡ്വാൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹു മേയർ സെക്രട്ടറിക്ക് നല്കിയ 29.10.2025 ലെ കുറിപ്പു മുഖേന നിർദ്ദേശം നല്കുകയും അസി.എഞ്ചിനീയർ ശ്രീമതി സിനി തോമസ് 25,000/- രൂപ അഡ്വാൻസ് അനുവദിക്കുന്നതിനു അപേക്ഷിച്ചതു പ്രകാരം 25,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുള്ളതുമാണ്. ബഹു മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരണത്തിനായി ബഹു കൌൺസിൽ മുൻപാകെ സമർപ്പിക്കുന്നു.

23. വിഷയം (ഫയൽ നമ്പർ - 5661335-2025)

മാറ്റാംപുറം ടൗൺഷിപ്പ് ഫ്ലാറ്റിലെ താമസക്കാരനായ ശ്രീ എസ് കെ ജി ശിവരാമന്റെ പരാതിയിൽ നിലപാട് ലീഗൽ സർവ്വീസ് അതോറിട്ടിയെ അറിയിക്കുന്നതു സംബന്ധിച്ച്

വിവരണം

തൃശ്ശൂർ കോർപ്പറേഷൻ ചേരി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 2015 ൽ മാറ്റാംപുറത്ത് നിർമ്മിച്ച ഫ്ളാറ്റ് സമുച്ചയത്തിലെ 3-ാം നിലയിൽ 11-ാം നമ്പർ ഫ്ലാറ്റിലെ താമസക്കാരനായ ശ്രീ എസ് കെ ജി ശിവരാമൻ , എനമ്പലക്കാട്ടിൽ വീട് എന്നവർ , തനിക്ക് അനുവദിച്ച ഫ്ലാറ്റിനു പകരം താഴത്തെ നിലയിൽ ഫ്ലാറ്റ് അനുവദിക്കുകയോ അല്ലാത്ത പക്ഷം മറ്റൊരു സ്ഥലവും വീടും അനുവദിക്കുന്നതിന് ആവശ്യപ്പെട്ടും തൃശ്ശൂർ താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി മുൻപാകെ PLP No 433/25 നമ്പർ പരാതി നൽകിയിരുന്നു. പരാതിയുമായി ബന്ധപ്പെട്ട് 28/10/2025 തിയതിയിൽ നടന്ന ഹിയറിംഗിൽ പങ്കെടുക്കുകയും, അപേക്ഷകന് അനുവദിച്ച ഫ്ലാറ്റിൽ മാറ്റം വരുത്തുകയെന്നത് പ്രായോഗികമല്ലെന്നും ടി അപേക്ഷ പരിഗണിച്ചാൽ ഭാവിയിൽ ഫ്ളാറ്റ് സമുച്ചയത്തിലെ മറ്റുള്ളവരും ഇതേ ആവശ്യമായി മുന്നോട്ടു വരാൻ സാധ്യതയുണ്ടെന്നും അത് പരിഗണിക്കാനായില്ലെങ്കിൽ വിവേചനം സംബന്ധിച്ച ആക്ഷേപത്തിന് സാധ്യതയുണ്ടെന്നും തുല്ല്യ നീതി നിഷേധിക്കലാകുമെന്നും താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി മുൻപാകെ ബോധിപ്പിച്ചിട്ടുള്ളതാണ്. പുനരധിവാസത്തിന്റെ ഭാഗമായി പലയിടത്തും അനുവദിക്കപ്പെട്ടിട്ടുള്ള ഫ്ലാറ്റുകൾ മനുഷ്യ വാസത്തിന് മതിയായ സൗകര്യങ്ങളുള്ളതല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ച അതോറിട്ടി ഫ്ലാറ്റ് പരിശോധന നടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താമെന്നും അപേക്ഷകന്റെ ആവശ്യം കൗൺസിൽ പരിഗണനക്കു സമർപ്പിച്ച് കൗൺസിൽ തീരുമാനം 18.11.2025 തിയ്യതിയിലെ ഹിയറിങ്ങിൽ ഹാജരാക്കുന്നതിനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ബഹു

കൗൺസിൽ പരിഗണനയ്കു സമർപ്പിക്കുകയുണ്ടായി. 07.11.2025 തീയ്യതിയിലെ 16-ാം നമ്പർ തീരുമാന പ്രകാരം " പരാതി നൽകി എന്നതു മാത്രം മാനദണ്ഡമാക്കി ഒരാൾക്കു മാറ്റം അനുവദിക്കുന്നതും അധിക സൗകര്യങ്ങൾക്കായി പരിഗണിക്കുന്നതും കോർപ്പറേഷന്റെ ആനുകൂല്യ വിതരണത്തിലെ സംതുലിതാവസ്ഥക്കും സുതാര്യതക്കും എതിരായതിനാൽ അപേക്ഷകന്റെ ആവശ്യം ഒറ്റക്ക് പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും ഉചിതമായ പദ്ധതികളുടെ ഭാഗമായി ഫ്ലാറ്റ് അനുവദിച്ച എല്ലാ ഗുണഭോക്താക്കളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഒരുമിച്ചു പരിഗണിക്കുന്ന കാര്യം തുടർ വർഷങ്ങളിൽ പരിശോധിക്കാവുന്നതാണെന്നും " ബഹു. കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. തീരുമാനത്തിന്റെ പകർപ്പ് ലീഗൽ സർവ്വീസ് അതോറിട്ടിയുടെ 18.11.2025. തീയ്യതിയിലെ ഹിയറിങ്ങിൽ ഹാജരാക്കിയിരുന്നു. എന്നാൽ ബഹു താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി, ടി തീരുമാനത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും ടിയാന്റെ പരാതി പരിഹരിക്കുന്നതു സംബന്ധിച്ച വിഷയം പുതിയ കൗൺസിലിന്റെ പരിഗണനക്കു സമർപ്പിക്കാനും കൗൺസിൽ തീരുമാനം 14.01.2026 തീയ്യതിയിലെ ഹിയറിങ്ങിൽ ഹാജരാക്കുന്നതിനും നിർദേശിച്ചിരുന്നു. ടി വിഷയം ബഹു കൗൺസിലിന്റെ പരിഗണനക്കു സമർപ്പിക്കുന്നു.

ശരിപകർപ്പ്
സെക്രട്ടറി
കൗൺസിൽ സെക്രട്ടറി
തൃശൂർ കോർപ്പറേഷൻ

CORPORATION OFFICE
THRISSUR